പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 701 — 07-01-14ൽ മറുപടിക്ക്

# ആധാർ കാർഡ് രജിസ്ട്രേഷൻ പുരോഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി.ശശി<br>ശ്രീ.ഇ.കെ.വിജയൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ആധാർ കാർഡ് രജിസ്ട്രേഷൻ സംസ്ഥാനത്ത് എത്ര ശതമാനം പൂർത്തിയായെന്ന് വ്യക്തമാക്കുമോ ; | (എ) ആധാർ രജിസ്ട്രേഷൻ 95% പൂർത്തിയായിട്ടുണ്ട്. |
| (ബി) ആധാർ കാർഡിനായി രജിസ്റ്റർ ചെയ്ത എത്രപേർക്ക് കാർഡ് വിതരണം ചെയ്തുവെന്നും ഇനി എത്രപേർക്ക് പ്രസ്തുത കാർഡ് ലഭിക്കാനുമുണ്ടെന്നുമുള്ള വിവരങ്ങൾ നൽകാമോ; | (ബി) രജിസ്റ്റർ ചെയ്തവരിൽ 2,95,59,170 പേർക്ക് ആധാർ നമ്പർ അനുവദിച്ചിട്ടുണ്ട്. ഇനി ഏകദേശം 14 ലക്ഷത്തോളം പേർക്ക് ആധാർ ലഭിക്കുവാനുണ്ട്. |
| (സി) ആധാർ കാർഡുകളിൽ മാതൃഭാഷയിൽ സംഭവിക്കുന്ന തെറ്റുകൾ ശ്രദ്ധയിൽ പ്പെടുകയാണെങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) (1) സംസ്ഥാനത്തുടനീളം പ്രവർത്തിച്ചു വരുന്ന അക്ഷയ/ കെൽ ട്രോൺ വഴിയുള്ള ആധാർ എൻറോൾമെന്റ് / അപ് ഡേഷൻ സെൻററുകളിൽ തെറ്റുകൾ തിരുത്തുന്നതിനും, വിവരങ്ങൾ പുതുക്കുന്നതിനും സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

(2)ആധാർ എൻറോൾമെന്റ് സമയത്ത് മൊബൈൽ നമ്പർ നൽകിയവർക്ക് ഓൺ ലൈനായും അല്ലാത്തവർക്ക് തപാൽ മുഖേന യൂനിക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റിക്ക് അപേക്ഷ നൽകിയും തെറ്റുകൾ തിരുത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ